കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 11 | ഫെബ്രുവരി 15 2025

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

2 കർഷകന്റെ കണ്ണുനിറയ്ക്കാതെ മനസ്സു നിറയ്ക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം: കൃഷിമന്ത്രി പി പ്രസാദ്

3 ആരോഗ്യപരിപാലന രംഗത്ത് കൂൺ കൃഷിക്കുള്ള അനന്തമായ സാധ്യതകളെ പ്രയോജന പ്പെടുത്തണം: മന്ത്രി പി പ്രസാദ്

6 ജീവാണു വളങ്ങൾ

# കൂൺ ഗ്രാമം പദ്ധതി :
## മന്ത്രി എം.ബി. രാജേഷ് ഉദ്ഘാടനം ചെയ്തു

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം തൃത്താലയിൽ ആരംഭിച്ച കൂൺ ഗ്രാമം പദ്ധതി സ്വയംഭരണ- എക്സൈസ്- പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി എം.ബി. രാജേഷ് ഉദ്ഘാടനം ചെയ്തു.

സംസ്ഥാനത്തേക്ക് 20 കൂൺ ഗ്രാമങ്ങൾ ആണ് പദ്ധതി പ്രകാരം അനുവദിച്ചിരിക്കുന്നത്. സുസ്ഥിര തൃത്താല പദ്ധതിയുടെ ഭാഗമായാണ് കൂൺ ഗ്രാമം പദ്ധതി തൃത്താല ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള വിവിധ പഞ്ചായത്തുകളിൽ ആയി നടപ്പിലാക്കുന്നത്. ചെറുകിട കൂൺ വിത്ത് ഉൽപാദന യൂണിറ്റ്, 300 കൂൺ ബെഡ്ഡുകൾ അടങ്ങിയ രണ്ട് ലാർജ് സ്കെയിൽ കൂൺ ഉൽപാദന യൂണിറ്റ്, 100 ബെഡുകൾ അടങ്ങിയ 100 ചെറുകിട കൂൺ ഉൽപാദന യൂണിറ്റ്, പാക്ക് ഹൗസുകൾ, കൂണിന്റെ മൂല്യവർധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്ന 3 യൂണിറ്റുകൾ, 10 കമ്പോസ്റ്റ് യൂണിറ്റുകൾ കൂടാതെ കൂൺ കർഷകർക്ക് ആവശ്യമായ പരിശീലന പരിപാടികൾ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിനായി 30 ലക്ഷത്തി ഇരുപത്തിഅയ്യായിരം രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

തൃത്താല ലാമോസ് അഗ്രി ഫുഡ് മേഴത്തൂർ വച്ച് നടന്ന ചടങ്ങിൽ തൃത്താല ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പി.കെ. ജയ അധ്യക്ഷത വഹിച്ചു.






നാഗലശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് വി.വി. ബാലചന്ദ്രൻ, തൃത്താല ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് കെ.പി. ശ്രീനിവാസൻ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ മിനി ജോർജ് എന്നിവർ ആശംസകൾ അറിയിച്ചു. പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസർ സിന്ധു ദേവി പി.സ്വാഗതം തൃത്താല കൃഷി അസിസ്റ്റന്റ് ഡയറക്ടർ മാരിയത്ത് കിബിത്തിയ നന്ദിയും പറഞ്ഞു.

ചീഫ് എഡിറ്റർ - ഹരിപ്രിയ ദേവി വി.വി.
എഡിറ്റർ - ഡോ. ബിന്ദ ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - മന്ദ കെ.ജി.
അസിസ്റ്റന്റ് എഡിറ്റർ - സുജിത്ത് എസ്.എസ്.

# കർഷകന്റെ കണ്ണുനിറയ്ക്കാതെ മനസ്സു നിറയ്ക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം: കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്



കർഷകന് ബുദ്ധിമുട്ടുണ്ടാകുമ്പോൾ അവരെ സഹായിക്കേണ്ടതും സംരക്ഷിക്കേണ്ടതും സമൂഹത്തിന്റെയും ഉദ്യോഗസ്ഥരുടെയും കൂട്ടായ ഉത്തരവാദിത്വമാണ്. കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കേണ്ടതിന് നമ്മൾ പിന്തുണയും പിൻബലവും കൊടുക്കേണ്ടതുണ്ട്. കർഷകന്റെ കണ്ണുനിറയ്ക്കാതെ മനസ്സു നിറയ്ക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും കൃഷിമന്ത്രി പി പ്രസാദ്പറഞ്ഞു. കഞ്ഞിക്കുഴിയിലെ കർഷകരിൽ നിന്നും സംഭരിച്ച ചീരയും പച്ചക്കറികളുമായി എറണാകുളത്ത് എത്തിയ ചീരവണ്ടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി. ഇലവർഗ്ഗങ്ങൾ ഭക്ഷണത്തിന്റെ ഭാഗമാക്കണമെന്ന് ആരോഗ്യമേഖലയിലെ വിദഗ്ധർ ആവർത്തിച്ചു പറയുന്ന കാര്യങ്ങളാണ്. പകുതിയിൽ കൂടുതൽ രോഗങ്ങൾക്കും കാരണം ഭക്ഷണത്തിൽ നിന്നാണ് ഇവിടെയാണ് ചീരവണ്ടിയുടെ പ്രസക്തിയും. കഞ്ഞിക്കുഴിയിലെ കർഷകരുടെ വിഷ രഹിതമായ പച്ചക്കറികളും ഇല വർഗ്ഗങ്ങളും ഇടനിലക്കാരില്ലാതെ കർഷകരിൽ നിന്നും നേരിട്ട് മേടിക്കാൻ സാധിക്കുന്നതാണെന്നും മന്ത്രി പറഞ്ഞു.

കർഷകർക്ക് എവിടെയെങ്കിലും ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ ബുദ്ധിമുട്ടുന്ന പ്രദേശങ്ങളിൽ പ്രാദേശികമായി ഇടപെടലിലൂടെ വിറ്റഴിക്കുന്നതിനുള്ള സൗകര്യങ്ങൾ കൃഷിവകുപ്പ് നടപ്പിലാക്കുമെന്നും മന്ത്രി പറഞ്ഞു. എറണാകുളം ജില്ലയിൽ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ആഴ്ചയിൽ മൂന്നുദിവസമാണ് വില്പന.

സംസ്ഥാന കർഷക അവാർഡ് ജേതാവ് എസ് പി സുജിത്തിന്റെ നേതൃത്വത്തിലാണ് ചീരവണ്ടി വിപണനം.



കഞ്ഞിക്കുഴി കുടുംബശ്രീ പ്രവർത്തകയായ ശ്രീജ മോൾ പി റ്റിയാണ് ചീര വണ്ടിയുടെ സാരഥി.

ആദ്യ വില്പന കൃഷിവകുപ്പ് മന്ത്രിയിൽ നിന്നും കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശ്രീലേഖ ബി ആർ ഏറ്റുവാങ്ങി. വൈക്കം എംഎൽഎ സി.കെ ആശ മുഖ്യ അതിഥി ആയിരുന്നു. കഞ്ഞിക്കുഴി പഞ്ചായത്ത് പ്രസിഡന്റ് ഗീതാ കാർത്തികേയൻ വൈസ് പ്രസിഡന്റ് അഡ്വ എം സന്തോഷ് കുമാർ, എറണാകുളം ജില്ലാ കൃഷി ഓഫീസർ ഷേർലി സക്കറിയ, ഡെപ്യൂട്ടി ഡയറക്ടർമാരായ ടാനി തോമസ്, ഫാൻസി പരമേശ്വരൻ, ഇന്ദു നായർ പി,വൈറ്റില കൃഷി അസിസ്റ്റന്റ് ഡയറക്ടർ സിന്ധു പി ജോസഫ്, കഞ്ഞിക്കുഴി കൃഷി ഓഫീസർ റോസ്മി ജോർജ്, വൈറ്റില അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ രമേഷ് കുമാർ, കഞ്ഞിക്കുഴി സ്ഥിരം സമിതി അധ്യക്ഷ ജ്യോതിമോൾ, വാർഡ് അംഗം ഫെയ്സി വി ഏറനാട്, ഉടങ്ങിയവർ സംസാരിച്ചു.

# ആരോഗ്യപരിപാലന രംഗത്ത് കൂൺ കൃഷിക്കുള്ള അനന്തമായ സാധ്യതകളെ പ്രയോജനപ്പെടുത്തണം: മന്ത്രി ശ്രീ. പി. പ്രസാദ്

ആരോഗ്യപരിപാലന രംഗത്തും സൗന്ദര്യവർധക രംഗത്തും കൂൺ കൃഷിക്കുള്ള അനന്തമായ സാധ്യതകളെ പ്രയോജനപ്പെടുത്തണമെന്ന് കൃഷിമന്ത്രി ശ്രീ. പി പ്രസാദ് പറഞ്ഞു. കടുത്തുരുത്തി ബ്ലോക്ക് കൂൺഗ്രാമം പദ്ധതിയുടെ ബ്ലോക്ക്തല പ്രവർത്തന ഉദ്ഘാടനം

നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ക്യാൻസറിനെ പ്രതിരോധിക്കുന്ന കൂൺ ഇനങ്ങൾ ഉള്ളതായി ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. ആർ സി സി യിലെ ഡോക്ടർമാരും ഹിമാചൽ പ്രദേശിലുള്ള സോളനിലെ മഷ്റൂം ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞന്മാരും കർഷകരും അടങ്ങുന്ന ഒരു സംഘം പരസ്പരം ചർച്ച നടത്തുകയും ശാസ്ത്രീയമായി ബോധ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ ക്യാൻസറിനെ പ്രതിരോധിക്കാൻ കഴിയുന്ന ഇനം കൂണിൻ്റെ കൃഷി കേരളത്തിൽ വ്യാപിപ്പിക്കും. വിപണത്തിന് കൃത്യമായി ഒരു പ്ലാൻ തയ്യാറാക്കുകയാണെങ്കിൽ കൂൺ വലിയ വരുമാനദായകമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കൃഷിവകുപ്പ് അതിനാവശ്യമായ സഹായസഹകരണങ്ങൾ നൽകുമെന്നും മന്ത്രി പറഞ്ഞു.

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണും. കർഷകരുമായി മില്ലുടമകൾ നടത്തുന്ന അനാവശ്യ വിലപേശൽ തടയാൻ ശക്തമായ നടപടികൾ സ്വീകരിക്കും. ജില്ലാ കളക്ടറെ അതിനായി ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ നേതൃത്വത്തിൽ കൃഷിവകുപ്പ് ഉദ്യോഗസ്ഥരും സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥരും അടങ്ങുന്ന റാപ്പിഡ് റെസ്പോൺസ് ടീമിനെ തയ്യാറാക്കണം. ഇത്തരത്തിൽ പരാതികൾ ഉയരുന്ന ഇടങ്ങളിൽ ഈ ടീം സന്ദർശിച്ച് കൃത്യമായി പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ വില നിശ്ചയിച്ച് നൽകണം. അനുവദിച്ചിടങ്ങളിൽ നിന്നും നല്ല സംഭരിക്കാത്ത മില്ലുടമകൾക്ക് എതിരെ നിയമനടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. കൊയ്ത്ത് യന്ത്രങ്ങളുടെ ലഭ്യത ഉറപ്പാക്കും.

മോൻസ് ജോസഫ് എംഎൽഎ



അധ്യക്ഷത വഹിച്ച യോഗത്തിൽ സി കെ ആശ എംഎൽഎ മുഖ്യപ്രഭാഷണം നടത്തി. പ്രിൻസിപ്പൽ കൃഷി ഓഫീസർ ജോ ജോസഫ് സി പദ്ധതി

വിശദീകരണം നടത്തി. കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഹേമലത പ്രേം സാഗർ ആദ്യ വില്പന നടത്തി. വൈസ് പ്രസിഡൻറ് ജോസ് പുത്തൻകാല, കൃഷി ഡെപ്യൂട്ടി ഡയറക്ടർ മീന മാത്യു, കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സ്മിത എൻ ബി, മുളക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ടി കെ വാസുദേവൻ നായർ, വെള്ളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സോണിക കെ എൻ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻറ് പി കെ സന്ധ്യ, സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാരായ സ്കറിയ വർക്കി, ശ്രുതി ദാസ്, സെലീനാമ്മ ജോർജ് കൃഷി അസിസ്റ്റൻറ് ഡയറക്ടർ സ്വപ്ന ടി ആർ ഉടങ്ങിയവർ സംസാരിച്ചു.




# പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ 27 – മത് ശാസ്ത്രീയ ഉപദേശക സമിതി യോഗം

ജില്ലയിലെ നെല്ല് ഉത്പാദനത്തിൽ വന്നിട്ടുള്ള കുറവിനെ കുറിച്ച് ഗൗരവമായി കണക്കാക്കണമെന്ന് പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ 27 – മത് ശാസ്ത്രീയ ഉപദേശക സമിതി യോഗം.

കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ അടുത്ത ഒരു വർഷത്തേക്കുള്ള പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുന്നതിനാണ് ശാസ്ത്രീയ ഉപദേശക സമിതി യോഗം ചേരുന്നത്. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യപന ഡയറക്ടർ ഡോ.ജേക്കബ് ജോൺ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നോഡൽ ഓഫീസറും ബാംഗ്ലൂർ ഐ.സി.എ.ആർ അട്ടാരിയിലെ ശാസ്ത്രജ്ഞനുമായ ഡോ. തിമ്മപ്പ മുഖ്യ അതിഥിയായി. പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം അസോസിയേറ്റ് ഡയറക്ടർ ഡോ.പി. രാജി, ഐ.സി.എ ആർ എൻ.ബി.പി.ജി.ആർ ലെ പ്രിൻസിപ്പൽ ശാസ്ത്രജ്ഞൻ ഡോ. പി. പി. തിരുമലൈസ്വാമി, നബാർഡ് ഡി ഡി എം ശ്രീമതി.കവിത റാം . ലീഡ് ഡിസ്ട്രിക്റ്റ് മേനേജർ ശ്രീ. അനിൽകുമാർ. പി. ടി, പട്ടാമ്പി ഡെപ്യൂട്ടി ഡയറക്ടർ ഭാഗ്യലത വി.കെ., അഗ്രിക്കൾച്ചർ ഇൻഷുറൻസ് കമ്പനിയിലെ ജില്ലാ കോർഡിനേറ്റർമാരായ ശ്രീമതി. നിമ്മി. യു - ശ്രീമതി. സുമാവിനോദ്, മലപ്പുറം കെ വി കെ മേധാവി ഡോ.പ്രിയ ജി. നായർ, തൃശ്ശൂർ കെ വി കെയിലെ എസ് എം എസ് ഡോ.അമ്പിളി ജോൺ. സീനിയർ വെറ്റിനറി സർജൻ ഡോ. രവി. കെ. എം.. കന്നുകാലി ഗവേഷണ കേന്ദ്രം അസിസ്റ്റന്റ് പ്രൊഫസർ ഡോ. പ്രമോദ്. എസ്, പട്ടാമ്പി ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ സുഹൈൽ. വി. എസ്. ശ്രീ കൃഷ്ണ പ്രസാദ്, കെ. വി. സുരേഷ് കുമാർ, ശ്രീ. ജിജിൻ സി. ആർഎന്നിവർ



അഭിപ്രായങ്ങൾ പങ്കുവച്ചു.

കഴിഞ്ഞ ഒരു വർഷം കൃഷിവിജ്ഞാനകേന്ദ്രം നടത്തിയ പ്രവർത്തനങ്ങൾ കേന്ദ്രം മേധാവി ഡോ.സുമിയ. കെ വി

അവതരിപ്പിച്ചു. വരൾച്ച പ്രതിരോധ ശേഷിയുള്ള ഹ്രസ്വകാല മൂപ്പുള്ളതും മദ്ധ്യകാല മൂപ്പുള്ളതുമായ നെല്ലിനങ്ങൾ കൊല്ലങ്ങോട്. ചിറ്റൂർ ഭാഗങ്ങളിൽ പരീക്ഷിക്കണമെന്ന യോഗം നിർദ്ദേശിച്ചു. കർഷകർക്കിടയിൽ കേരള കാർഷിക സർവകലാശാല ഉത്പാദിപ്പിച്ച തീറ്റപ്പുല്ല്, കൈപ്പക്ക മുതലായവയുടെ പുതിയ ഇനങ്ങളെ പരിചയപ്പെടുത്തണമെന്നും അതോടൊപ്പം കർഷകർക്ക് ഭീഷണിയായ വന്യമൃഗങ്ങളെ തുരത്താനുള്ള മാർഗ്ഗങ്ങൾ കൈക്കൊള്ളണമെന്നും യോഗം നിർദ്ദേശിച്ചു കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെ യോഗം അനുമോദിച്ചു കേന്ദ്രത്തിലെ ഡോ ഇസ്രായേൽ തോമസ് നന്ദി പ്രകടിപ്പിച്ചു.

# ചെറുധാന്യ സംസ്കരണവും കയറ്റുമതിയും: ഏകദിന ശില്പശാല സംഘടിപ്പിച്ചു

കേരള കാർഷിക സർവകലാശാലയിലെ അഗ്രി ബിസിനസ് ഇൻക്യൂബേറ്ററും കാർഷിക മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ കയറ്റുമതി വികസന ഏജൻസിയായ APEDAയും സംയുക്തമായി 'ചെറുധാന്യങ്ങളിൽ നിന്നുള്ള മൂല്യ വർധിത ഉൽപ്പന്നങ്ങളും കയറ്റുമതി സാധ്യതകളും' എന്ന വിഷയത്തിൽ ഏകദിന ശില്പശാല സംഘടിപ്പിച്ചു. സൂപ്പർ ഫുഡ് ആയ മില്ലറ്റുകളുടെ ആരോഗ്യഗുണങ്ങൾ തിരിച്ചറിഞ്ഞ് അവയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ കയറ്റുമതിയും വിപണി സാധ്യതകളും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച ശില്പശാല കേരള കാർഷിക സർവകലാശാല രജിസ്ട്രാർ ഡോ.എ സക്കീർ ഹുസൈൻ ഉദ്ഘാടനം ചെയ്തു. വെള്ളാനിക്കര കാർഷിക കോളേജ് ഡീൻ ഡോ.മാണി ചെല്ലപ്പൻ സ്വാഗത പ്രസംഗം നടത്തി. ജീവിതശൈലി രോഗങ്ങൾ ആഗോള വെല്ലുവിളികളായി മാറിയിരിക്കുന്ന ഈ കാലഘട്ടത്തിൽ വ്യത്യസ്തമായ രുചിയോടൊപ്പം ആരോഗ്യ സംരക്ഷണവും ഉറപ്പാക്കുന്നതിൽ ചെറിയ ചെറുധാന്യങ്ങൾ മുഖ്യപങ്ക് വഹിക്കുന്നുവെന്ന് അധ്യക്ഷ പ്രസംഗത്തിൽ ഗവേഷണ വിഭാഗം മേധാവി ഡോ.അനിത് കെ നാരായണൻ ചൂണ്ടിക്കാട്ടി. മില്ലറ്റുകളുടെ മൂല്യവർധിത ഉൽപ്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിൽ APEDAയുടെ പങ്കും മുന്നേറ്റ പ്രവർത്തനങ്ങളും മുഖ്യ പ്രഭാഷണത്തിൽ APEDAറീജിയണൽ മേധാവി ശ്രീ. യു ധർമ്മ റാവു വ്യക്തമാക്കി. കേരള കാർഷിക സർവകലാശാല എക്സിക്യൂട്ടീവ് കമ്മിറ്റി അംഗവും സർവകലാശാല പ്രൊഫസറുമായ ഡോ. പി.കെ സുരേഷ് കുമാർ ആശംസ അർപ്പിച്ചു. അഗ്രി ബിസിനസ് ഇന്കുബേറ്റർ മേധാവി ഡോ.പി.കെ.സുധീർ നന്ദി പ്രകാശനം നടത്തി. ശില്പശാലയിൽ നൂറോളം കർഷകരും സംരംഭകരും സ്റ്റാർട്ടപ്പുകളും പങ്കെടുത്തു. ശില്പശാലയോടനുബന്ധിച്ച് മില്ലറ്റുകളുടെ സംസ്കരണവും കയറ്റുമതിയും ആസ്പദമാക്കി ഡോ.പി പ്രമീള, ഡോ.സീജ തോമാച്ചൻ,ഡോ. കെ.പി സുധീർ എന്നിവർ നയിച്ച ക്ലാസുകളും വിവിധയിനം മില്ലറ്റുകളുടെയും മൂല്യ വർധിത ഉൽപ്പന്നങ്ങളുടെയും പ്രദർശനവും അരങ്ങേറി. കർഷകർക്കും സ്റ്റാർട്ടപ്പുകൾക്കും കയറ്റുമതി സംരംഭകർക്കും പരസ്പരം സംവദിക്കാനും പ്രായോഗിക അറിവുകൾ പങ്കുവയ്ക്കാനുള്ള അവസരവും ശില്പശാലയിലൂടെ ലഭിച്ചു.






വിഷ്ണു എസ്.പി.
അഗ്രികൾചറൽ ഓഫീസർ
ഫാം ഇൻഫർമേഷൻ ബ്യൂറോ


# ജീവാണു വളങ്ങൾ

സൂക്ഷ്മ ജീവാണുക്കളെ സസ്യങ്ങളുമായി സംയോജിപ്പിച്ച് അന്തരീക്ഷത്തിലും മണ്ണിലുമുള്ള പ്രധാനപ്പെട്ട സസ്യ മൂലകങ്ങളെയും, ധാതുക്കളെയും ചെടികൾക്ക് പരമാവധി ലഭ്യമാക്കുന്നതിന് വേണ്ടിയാണ് ജീവാണു വളങ്ങൾ ഉപയോഗിക്കുന്നത്. ധാരാളം ജൈവാംശമുള്ള അവസ്ഥയിൽ മാത്രമേ ഇത്തരം സൂക്ഷ്മാണുക്കൾക്ക് കാര്യക്ഷമമായി പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് തന്നെ ജൈവകൃഷിയിൽ ഇവയെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയും. പ്രധാനമായും നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ് എന്നിവ ലഭ്യമാക്കുവാനാണ് ജീവാണു വളങ്ങളെ പ്രയോജനപ്പെടുത്തുന്നത്. പ്രധാനമായും ഉപയോഗിക്കുന്ന ജീവാണു വളങ്ങൾ ഏതെല്ലാമെന്നും അവയുടെ ഉപയോഗ രീതിയും പരിശോധിക്കാം.

## നൈട്രജനെ സംഭരിക്കുന്ന സൂക്ഷ്മാണുക്കൾ

അന്തരീക്ഷത്തിലെ നൈട്രജനെ വലിച്ചെടുത്ത് സംഭരിക്കുന്ന വിഭാഗത്തിൽ പെടുന്നവയാണ് ഈ സൂക്ഷ്മാണുക്കൾ. റൈസോബിയം, അസറ്റോബാക്ടർ, അസോസ്പൈറില്ലം എന്നിവയാണ് പ്രധാനമായും നൈട്രജൻ ലഭ്യതയ്ക്കായി ഉപയോഗിക്കുന്ന ജീവാണുക്കൾ.

### A. റൈസോബിയം

പയറുവർഗ്ഗ വിളകളിലാണ് റൈസോബിയം സൂക്ഷ്മാണുക്കളെ സാധാരണയായി ഉപയോഗിക്കുന്നത്. ഈ ജീവാണുക്കൾ അന്തരീക്ഷത്തിലെ നൈട്രജനെ ആഗിരണം ചെയ്യുവാൻ കഴിവുള്ള മുഴകൾ പയറുവർഗ വിളകളുടെ വേരുകളിൽ ഉണ്ടാക്കുന്നു.

വിത്തിൽ പുരട്ടിയാണ് റൈസോബിയം സാധാരണയായി



ഉപയോഗിക്കുന്നത്. 50 സെന്റ് സ്ഥലത്ത് നടുവാൻ വേ വിത്തിൽ പുരട്ടുവാൻ ഏകദേശം 100 ഗ്രാം ജീവാണുവളം ആവശ്യമാണ്. ഇത് കാൽ ലിറ്റർ വെള്ളത്തിലോ കഞ്ഞി വെള്ളത്തിലോ കലർത്തുക. ആവശ്യമായ വിത്തുമായി ചേർത്ത് നല്ലതുപോലെ ഇളക്കിയ ശേഷം 20 മിനിറ്റ് തണലത്ത് ഉണക്കി നനവുള്ള മണ്ണിൽ വിതയ്ക്കാവുന്നതാണ്. റൈസോബിയം പുരട്ടിയ വിത്തുകൾ വെയിൽ കൊള്ളിക്കുകയോ 24 മണിക്കൂറിൽ കൂടുതൽ നേരം സൂക്ഷിച്ചു വയ്ക്കുകയോ ചെയ്യാൻ പാടില്ല.

## B. അസറ്റോബാക്ടർ

കര പ്രദേശങ്ങളിൽ പ്രത്യേകിച്ച് നീർ വാർച്ചയുള്ള പ്രദേശത്തെ വിളകൾക്ക് ഉപയോഗിക്കുവാൻ പറ്റുന്ന ജീവാണു വളമാണ് അസറ്റോബാക്ടർ. ഇവ അന്തരീക്ഷത്തിലുള്ള നൈട്രജൻ



സ്വീകരിച്ച് അമോണിയ രൂപത്തിലാക്കി സാവധാനം ചെടികൾക്ക് ലഭ്യമാക്കുന്നു. വിത്തിൽ പുരട്ടിയും പറിച്ചു നടുന്ന ചെടികളുടെ വേരിൽ മുക്കിയും ഇത് ഉപയോഗിക്കാവുന്നതാണ്. ചാണകപ്പൊടിയും മണ്ണും ചേർത്ത് പാടത്ത് വിതറിയും ഈ സൂക്ഷ്മാണു വളം ഉപയോഗിക്കാം.

## C. അസോസ്പൈറില്ലം

താഴ്ന്ന പ്രദേശങ്ങളിലും നെൽപ്പാടങ്ങളിലും കൃഷി ചെയ്യുമ്പോൾ ഉപയോഗിക്കുവാൻ പറ്റുന്ന ഒരു സൂക്ഷ്മാണു വളമാണ് അസോസ്പൈറില്ലം. മണ്ണിൽ വേരുകളോട് പറ്റിയിരിക്കുകയും വേരുകളിലൂടെ ചെടികളിൽ പ്രവേശിക്കുകയും ചെയ്യുന്ന ഇവ നൈട്രജൻ സംഭരിക്കുന്നതിന് പുറമേ വളർച്ചാ ഹോർമോണുകൾ, വിറ്റാമിനുകൾ, എൻസൈമുകൾ എന്നിവ ഉത്പാദിപ്പിക്കുകയും ചെടികളുടെ മൊത്തത്തിലുള്ള വളർച്ചയെ ത്വരിതപ്പെടുത്തുകയും ചെയ്യുന്നു.

ഇനി ഇവ എങ്ങനെ വിളകളിൽ



ഉപയോഗിക്കാം എന്ന് നോക്കാം. ആദ്യത്തേത് വിത്തിൽ പുരട്ടുന്ന രീതിയാണ്.

ഒരു കിലോഗ്രാം വിത്തിൽ പുരട്ടുന്നതിന് ഏകദേശം 50 ഗ്രാം ജീവാണുവളം മതിയാകും. കാൽ ലിറ്റർ വെള്ളത്തിലോ അത്രയും തന്നെ അളവിൽ പത്ത് ശതമാനം വീര്യമുള്ള ശർക്കര ലായനിയിലോ കലർത്തി, അതിനുശേഷം ആവശ്യമായ വിത്തുമായി ചേർത്ത് ഇവ നല്ലതുപോലെ ഇളക്കി യോജിപ്പിക്കണം. ജീവാണുവളം ചേർത്ത വിത്ത് വെയിലത്ത് വെച്ച് ഉണക്കുവാൻ പാടില്ല.

രണ്ടാമത്തെ രീതി തൈകളിൽ പുരട്ടിയുള്ള ഉപയോഗ രീതിയാണ്. ഒരു കിലോഗ്രാം വിത്തിൽ നിന്നും ലഭിക്കുന്ന തൈകളുടെ വേരുകളിൽ പുരട്ടുന്നതിന് 100 ഗ്രാം ജീവാണുവളം കാൽ ലിറ്റർ വെള്ളത്തിൽ കലർത്തിയ ലായനി മതി. പറിച്ചുനടുന്ന സമയത്ത് തൈകളുടെ വേരുകൾ ഇങ്ങനെ തയ്യാറാക്കിയ ലായനിയിൽ 20 മിനിറ്റ് നേരം മുക്കിവെച്ച ശേഷം നടാവുന്നതാണ്.

നേരിട്ട് മണ്ണിൽ ചേർത്ത് ഉപയോഗിക്കുന്നതാണ് മൂന്നാമത്തെ രീതി. ജീവാണു വളം മണ്ണിൽ ചേർത്ത് കൊടുക്കുവാനാണെങ്കിൽ1:25 എന്ന അനുപാതത്തിൽ ഉണക്കിപ്പൊടിച്ച കാലിവളവുമായി മിക്സ് ചെയ്യണം. ഈ മിശ്രിതം ആറുമാസം കാലദൈർഘ്യമുള്ള വിളകൾക്ക് ഹെക്ടറിന് ഒന്നുമുതൽ 2 കിലോഗ്രാം വീതവും, കൂടുതൽ ദൈർഘ്യമുള്ള വിളകൾക്ക് രണ്ടു മുതൽ നാല് കിലോഗ്രാം വീതവും ചേർത്ത് കൊടുക്കാം. വിതയ്ക്കുന്നതിനു മുമ്പോ, തൈകൾ പറിച്ചു നടുന്നതിന് മുമ്പോ, ഇടയിളക്കുന്ന സമയത്തോ മണ്ണിൽ ചേർത്തു കൊടുക്കാം. മണ്ണിൽ ചേർക്കുന്ന സമയത്ത് മണ്ണിൽ ആവശ്യത്തിന് ഈർപ്പമുണ്ടായിരിക്കുവാൻ ശ്രദ്ധിക്കണം.

## ഫോസ്ഫോ ബാക്ടീരിയ

ഇത്തരം ബാക്ടീരിയകൾക്കു മണ്ണിൽ അടങ്ങിയിരിക്കുന്ന ഫോസ്ഫേറ്റിനെ ചെടികൾക്കു വലിച്ചെടുക്കാവുന്ന രൂപത്തിലാക്കി നൽകാൻ കഴിയും. കേരളത്തിലെ മണ്ണിൽ അമ്ലത കൂടിയിരിക്കുന്നതിനാൽ ചെടികൾക്ക് ഫോസ്ഫേറ്റിനെ പലപ്പോഴും നേരിട്ട് വലിച്ചെടുക്കാൻ കഴിയാറില്ല. പ്രശ്നം പരിഹരിക്കുന്നതിനായി ഫോസ്ഫറസ് ബാക്ടീരിയകൾ, വിത്തിൽ പുരട്ടിയോ, തൈകളുടെ വേരുകൾ ലായനിയിൽ മുക്കിയോ നേരിട്ടു മണ്ണിൽ ചേർത്തോ നൽകാം.



### 1. വിത്തിൽ പുരട്ടിയുള്ള ഉപയോഗം

250 ഗ്രാം പൊടി രൂപത്തിൽ ലഭിക്കുന്ന ഫോസ്ഫോ ബാക്ടീരിയ 150 -200 മി. ലി കഞ്ഞി വെള്ളത്തിൽ കലക്കി വിത്ത് 30 മിനിറ്റ് മുക്കി വയ്ക്കുക. വിത്ത് പുറത്തെടുത്ത് തണലിൽ ഉണക്കി നടാൻ ഉപയോഗിക്കാവുന്നതാണ്.

### 2. നഴ്സറിയിൽ ഉപയോഗിക്കുന്ന രീതി

പറിച്ചുനടുന്ന വിളകൾക്ക് നേഴ്സറി തയ്യാറാക്കുമ്പോൾ ചാണകവുമായി കലർത്തി തവാരണയിൽ ഇടുക. ഒരു ഏക്കർ സ്ഥലത്തേക്ക് ആവശ്യമായ നഴ്സറിയിൽ 800 ഗ്രാം പൊടി മതിയാകും.

### 3. തൈകൾ മുക്കുന്ന വിധം

തൈകൾ പൊടി കലക്കിയ ലായനിയിൽ മുക്കി 5 -10 മിനിറ്റുകൾ വച്ചതിനുശേഷം നടുക. ബാക്കി ലായനി തൈകളുടെ ചുവട്ടിൽ ഒഴിക്കുക.

### 4. പറമ്പിൽ ഉപയോഗിക്കുമ്പോൾ

പറമ്പിൽ മൊത്തമായോ, ചെടികളുടെ ചുവട്ടിലോ ഇട്ടു കൊടുക്കുമ്പോൾ ചാണകവുമായി കലർത്തി ഉപയോഗിക്കുക.

## ആർബസ്ക്കുലാർ മൈക്കോറൈസ

മണ്ണിൽ ഫോസ്ഫറസ് വളങ്ങളുടെ ലഭ്യത കൂട്ടുകയും ചെടികളുടെ വേര് തഴച്ചു വളരാൻ സഹായിക്കുകയും ചെയ്യുന്ന കുമിളുകളാണിവ. വേരിനോട് ചേർന്ന്



വേരിന്റെ ഭാഗമായി മാത്രമേ ഇവ ജീവിക്കുന്നുള്ളൂ. മണ്ണിൽനിന്നും ഫോസ്ഫറസിനെ വലിച്ചെടുത്ത് ഇവ സൂക്ഷിക്കുന്നു. ഈ ഫോസ്ഫറസിനെ ചെടിക്ക് വിട്ടുകൊടുക്കുകയും, ഇവയ്ക്ക് ആവശ്യമായ അന്നജം ചെടിയിൽ നിന്ന് സ്വീകരിക്കുകയും ചെയ്യുന്നു. ചെടികൾക്ക് രോഗപ്രതിരോധ ശക്തി നൽകുവാനും ഇതു സഹായിക്കുന്നു.

## പൊട്ടാഷ് ബാക്ടീരിയ

പൊട്ടാസ്യത്തെ ലയിപ്പിച്ച് ചെടികൾക്ക് നൽകാൻ കഴിയുന്ന ബാക്ടീരിയ കൾച്ചറുകളും ഇന്ന് ലഭ്യമാണ്. വിളവിൽ 20% വരെ വർധനയുണ്ടാക്കാൻ കഴിയുന്ന



ഈ ബാക്ടീരിയ കൾച്ചർ വിത്തിൽ പുരട്ടിയോ, വേരുകൾ മുക്കിയോ നേരിട്ടോ ഉപയോഗിക്കാം. ഒരു കിലോ ബാക്ടീരിയൽ കൾച്ചർ 200-500 കി. ഗ്രാം ജൈവ വളവുമായി ചേർത്ത് ഒരു ഏക്കർ മണ്ണിൽ ഉപയോഗിക്കാവുന്നതാണ്.

## പി.ജി.പി. ആർ മിക്സ് (Plant Growth Promoting Rizobacteria mix)

അസറ്റോബാക്ടർ,ഫോസ് ഫോ ബാക്ടീരിയ, ട്രൈക്കോഡെർമ, സ്യൂഡോമോണാസ് എന്നിവയുടെ ഒരു മിശ്രിതമാണിത്.സസ്യവളർച്ചയ്ക്കാവശ്യമായ സസ്യപോഷകങ്ങൾ ലഭ്യമാക്കുക,രോഗഹേതുക്കളായ ബാക്ടീരിയ, കുമിളുകൾ എന്നിവയെ നശിപ്പിക്കുക മുതലായവ ഈ മിശ്രിതം ഉപയോഗിക്കുക വഴി സാധ്യമാകുന്നു. വിത്തിൽ കലർത്തിയോ (80 ഗ്രാം/ 1 കിലോഗ്രാം വിത്ത്) തൈകളുടെ വേരുകൾ മിശ്രിത ലായനിയിൽ മുക്കിയോ കൃഷിയിടത്തിൽ നേരിട്ടോ ( 4 കിലോഗ്രാം മിശ്രിതം 100 കിലോഗ്രാം ജൈവവളവുമായി കലർത്തി ഒരാഴ്ചയ്ക്കുശേഷം ഉപയോഗിക്കുക) തുള്ളിനന വഴിയോ 10 കിലോഗ്രാം -/200 ലിറ്റർ വെള്ളം) ഉപയോഗി ക്കാവുന്നതാണ്.

ജീവാണു വളങ്ങൾ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേ ണ്ട കാര്യങ്ങൾ

1. ജീവാണുവളങ്ങളും രാസവളങ്ങളുമായി ഒരുമിച്ച് കലർത്തി ഉപയോഗിക്കരുത്.
2. ജീവാണുവളങ്ങൾ പുരട്ടിയ തൈകൾ വെയിലിൽ കൊള്ളിക്കരുത്.
3. 24 മണിക്കൂറിനുള്ളിൽ ജീവാണു വളങ്ങൾ പുരട്ടിയ വിത്തോ തൈകളോ നടാൻ ഉപയോഗിക്കേണ്ടതാണ്.
4. വിപണിയിൽ ലഭ്യമായ ജീവാണു വളങ്ങൾ മണ്ണിൽ ഉപയോഗിക്കുമ്പോൾ ജൈവ വളവുമായി കലർത്തി ഉപയോഗിക്കുക.

മണ്ണിലെ അമ്ലത 5 -6 എന്ന തോതിൽ ക്രമീകരിച്ചാൽ നല്ല പ്രയോജനം ലഭിക്കും

ജീവാണു വളങ്ങൾ മണ്ണിൽ ഉപയോഗിക്കുമ്പോൾ മണ്ണിൽ ഈർപ്പം ഉണ്ടായിരിക്കേ ണ്ടതാണ്.



ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Haripriya Devi V.V., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Harriet Ivan., Design & Layout : Maya Santhosh